പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 620 — 29.06.2011—ൽ മറുപടിക്ക്

**ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ നബാർഡ് കുടിവെള്ള പദ്ധതിയുടെ വിശദാംശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ നബാർഡ് കുടിവെള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന ശ്രീകൃഷ്ണപുരം പദ്ധതിയിൽ ഉൾപ്പെടുത്തി 3124.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br>എൽ ഐ സി—യുടെ ധനസഹായത്തിൽ പ്രസ്തുത പദ്ധതിയുടെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ്, മേഖല I, III, IV ഭാഗങ്ങളിലേക്കുള്ള ഭൂതല ജല സംഭരണി, മേഖല—II ലേക്കുള്ള ഉന്നതതല ജല സംഭരണി, റോവാട്ടർ പമ്പിംഗ് മെയിനിന്റെ ആദ്യ റീച്ച് എന്നിവ പൂർത്തീകരിച്ചിരുന്നു. നബാർഡിന്റെ ധനസഹായത്തോടെ ബാക്കി പ്രവൃത്തികളായ 11 എം എൽ ഡി ജല ശുദ്ധീകരണശാല, പമ്പ് ഹൗസ്, ക്ളിയർ വാട്ടർ പമ്പിംഗ് മെയിൻ, മോട്ടോർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കൽ, പി വി സി , ജി.ഐ.ഡി.ഐ എന്നീ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. മേഖല I,II,III,IV എന്നിവയിലേക്കുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജല ശുദ്ധീകരണശാലയിലേയ്ക്കുള്ള റോവാട്ടർ പമ്പിംഗ് മെയിനിൻെറ ബാക്കി പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരിരുന്നു. എന്നാൽ കരാറുകാരൻ കൂടിയ തുകയ്ക്ക് ക്വാട്ട് ചെയ്യുകയും നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്തതും കൊണ്ട് ദർഘാസ് റദ്ദ് ചെയ്ത് പുനർ ദർഘാസിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽനിന്നും ഏതെല്ലാം പ്രദേശങ്ങൾക്കാണ് കുടിവെള്ളമെത്തിക്കുന്നത്? | (ബി) | പ്രസ്തുത പദ്ധതിയിൽനിന്നും വെള്ളിനേഴി, കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം, പൂക്കോട്ട്കാവ് എന്നീ പഞ്ചായത്തുകൾക്കാണ് കുടിവെള്ളമെത്തിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി ഒരു കിലോമീറ്റർ ദീർഘിപ്പിക്കുകയാണെങ്കിൽ മുണ്ടോളി, കോണിക്കുഴി, പുലാംതോട്ടം എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉപയോഗപ്രദമാവും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുണ്ടോളി, കോണിക്കുഴി, പുലാംതോട്ടം എന്നീ പ്രദേശങ്ങളിൽ വിതരണ ശൃംഖലയ്ക്കുവേണ്ടി 110 എം എം —ൽ താഴെയുള്ള പൈപ്പുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ പ്രസ്തുത സ്ഥലങ്ങൾ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനുവേണ്ടി പുതിയ ഫണ്ടും കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ